**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2292** **11-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ തരം മയക്കുമരുന്ന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പുതിയ തലമുറ ഉപയോഗിക്കുന്ന പുതിയ തരം മയക്കുമരുന്ന് വ്യാപനത്തിനെതിരെ ശക്തമായ നടപടി സ്വീകരിച്ച് ശിക്ഷ നടപ്പിലാക്കാൻ നിലവിലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസ് ആക്ട് (1985ലെ ഇന്ത്യാ ആക്ട്) പര്യാപ്തമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസ് ആക്ടിലെ (1985 ലെ ഇന്ത്യാ ആക്ട്) ചില വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | (ബി) | നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക്ക് സബ്സ്റ്റൻസ് ആക്ടിൽ, കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുള്ളതും, Medium Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം വരെയും Commercial Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകളിൽ പത്ത് വർഷം മുതൽ ഇരുപത് വർഷം വരെയും കഠിന തടവിന് പ്രതികളെ ശിക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Small Quantity ലഹരിമരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കുന്നവയാണ്. ആയതിനാൽ വിവിധ മയക്കു മരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ